# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്വ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-1/1056/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്വ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-1/1056/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 20-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.രാജി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മറിയാമ്മ ജോർജ്ജ് | പ്രസിഡന്റ് | 01-04-2022 | 03-01-2023 |
| ഒഴിവ് | പ്രസിഡന്റ് | 04-01-2023 | 26-01-2023 |
| ശ്രീമതി. ലിജി വർഗ്ഗീസ് | പ്രസിഡന്റ് | 27-01-2023 | 31-03-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള പി.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിലീപ് ബി | അസ്സി.സെക്രട്ടറി | 01-04-2022 | 19-11-2022 |
| ശ്രീമതി.ഷാമില | അസ്സി.സെക്രട്ടറി | 19-11-2022 | 31-03-2023 |
| ഡോ.അലക്സ് പി.ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സിനി സി ജോസഫ് | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത എസ്.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 24-12-2022 |
| ശ്രീമതി.രജിത ആർ കുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-12-2022 | 31-03-2023 |
| ഡോ.ശ്രീജിത്ത് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷമോൾ എം | കൃഷി ഓഫീസർ | 01-04-2022 | 09-03-2023 |
| ശ്രീമതി.രേഷ്മ എം | കൃഷി ഓഫീസർ | 10-03-2023 | 31-03-2023 |
| ശ്രീമതി.ചന്ദ്രലേഖ ജി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 30-01-2023 |
| ശ്രീമതി.ഡെറ്റി നെബു | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30-01-2023 | 31-03-2023 |
| ശ്രീമതി.സുധർമ്മ കെ.പി | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രജീഷ കുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സലിം സാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-02-2023 |
| ശ്രീമതി.രാജി ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-02-2023 | 31-03-2023 |
| ശ്രീമതി. സൌമ്യ പി.എസ് (ചാർജ്ജ്) | അസിസ്റ്റന്റ് എൻജിനീയർ(ചാർജ്) | 01-04-2022 | 13-05-2022 |
| ശ്രീമതി.ഒസീല ബീവി | അസിസ്റ്റന്റ് എൻജിനീയർ | 16-05-2022 | 18-09-2022 |
| ശ്രീമതി. സൌമ്യ പി.എസ് | അസിസ്റ്റന്റ് എൻജിനീയർ(ചാർജ്) | 18-09-2022 | 05-10-2022 |
| ശ്രീ.ഫസലുൽ റഹ്മാൻ | അസിസ്റ്റന്റ് എൻജിനീയർ(ചാർജ്) | 06-10-2022 | 23-11-2022 |
| ശ്രീമതി. അന്ന ശകുന്തള | അസിസ്റ്റന്റ് എൻജിനീയർ | 24-11-2022 | 31-03-2023 |
| ഡോ.അർജ്ജുൻ മോഹൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) എൻ.എച്ച്.എം | 01-04-2022 | 24-07-2022 |
| ഡോ.ദീപ്തി പ്രദീപ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) എൻ.എച്ച്.എം | 25-07-2022 | 31-03-2023 |
| ശ്രീ.റ്റോബിൻ ഏബ്രഹാം വർഗ്ഗീസ് | അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS | 01-04-2022 | 10-06-2022 |
| ശ്രീമതിജീന ജോൺ | അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS | 11-06-2022 | 26-06-2022 |
| ശ്രീ.സോബിൻ റ്റി മാമ്പ്ര | അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS | 27-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | സാമ്പത്തികപത്രികകളിലെ അപാകത | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | തുക ക്രമീകരിച്ചില്ല | 1-1-4 |
| 6 | കാലഹരണപ്പെട്ട ചെക്കുകളിൽ തുടർനടപടി സ്വീകരിച്ചില്ല | 1-1-5 |
| 7 | നിക്ഷേപിച്ച ചെക്ക് തുക ക്രഡിറ്റ് ആയില്ല | 1-1-6 |
| 8 | ഡിമാന്റ്,കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഡിസിബി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയില്ല | 1-1-8 |
| 10 | തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-11 |
| 13 | നീക്കിയിരുപ്പ് തുക ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര ഭരണ നിയന്ത്രണം | 1-9 |
| 22 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 23 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-11 |
| 24 | വസ്തുനികുതി തെറ്റായി നിർണയിച്ചു- 16,792/-രൂപയുടെ വരുമാന നഷ്ടം | 1-12 |
| 25 | വെള്ളക്കരം കുടിശ്ശിക- വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 26 | ജല ജീവൻ പദ്ധതി -വിനിയോഗ രേഖകളുടെ അഭാവത്തിൽ 8,50,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 27 | ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചില്ല - 4,56,080/- രൂപ | 1-15 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 28 | നെൽ വിത്ത് വിതരണം- രേഖകൾ ഹാജരാക്കിയില്ല 1135176/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-16 |
| 29 | എയർകണ്ടീഷണർ വാങ്ങൽ – അപാകതകൾ | 1-17 |
| 30 | ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണവും പ്രവർത്തനം ശക്തിപ്പെടുത്തലും – അപാകതകൾ | 1-18 |
| 31 | തുടർസാക്ഷരത പ്രവർത്തനം-രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 32 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച് | 1-20 |
| 33 | ഐകെഎം വിഹിതം അടക്കൽ -വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 65,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 34 | നൽകിയ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-22 |
| 35 | പാലിയേറ്റീവ് കെയർ 12358/-രൂപയുടെ മരുന്ന് ലഭ്യമാക്കിയില്ല | 1-23 |
| 36 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 37 | കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവിനെക്കാൾ കൂടുതൽ പ്രവർത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കൂലി നൽകി-കേന്ദ്ര സർക്കാരിന് നഷ്ടം -17366/- | 1-25 |
| 38 | ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭ്രവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല | 1-26 |
| 39 | MGNREGS-പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു-അധികം ചെലവ് 4031/- രൂപ - | 1-27 |
| 40 | MGNREGS - ആദായ നികുതിയും ജിഎസ്സ്ടിയും ഈടാക്കിയില്ല - കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം-55,058/- രൂപ | 1-28 |
| 41 | ഒരു വർഷം മുൻപ് വാങ്ങിയ ഇലക്ട്രിക്ക് ഓട്ടോ നാളിതുവരെയും ഉപയോഗിയ്ക്കാതെ സൂക്ഷിച്ചിരിക്കുന്നു- | 1-29 |
| 42 | ലൈഫ് ഭവനനിർമ്മാണം | 1-30 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം 16,792/-രൂപയുടെ വരുമാന നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | MGNREGS-പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു-അധികം ചെലവ് 4031/- രൂപ - | 3-1 |
| 2 | കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവിനെക്കാൾ കൂടുതൽ പ്രവർത്തി നിർവ്വഹിച്ചതായി | 3-2 |

| | | |
|---|---|---|
| | രേഖപ്പെടുത്തി കൂലി നൽകി- കേന്ദ്ര സർക്കാരിന് നഷ്ടം -17366/- രൂപ | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06.07.2023 ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടത്വ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

1. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി : സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൌണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്)പ്രകാരമുള്ള റേഷ്യോസ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 സാമ്പത്തികപത്രികകളിലെ അപാകത

പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ചട്ടങ്ങൾ) 62(3) പ്രകാരം സാമ്പത്തികപത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (1335755/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (4179113) പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-4 തുക ക്രമീകരിച്ചില്ല

ഇൻഡ്യൻ ഓവർസീസ് ബാങ്ക് (126601000002760) അക്കൌണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ചേർത്തിട്ടുള്ള 5000/-രൂപ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

1-1-5 കാലഹരണപ്പെട്ട ചെക്കുകളിൽ തുടർനടപടി സ്വീകരിച്ചില്ല

DCB (അക്കൌണ്ട് നം. 4008/11/01/000026) Cheque Issued But Not Presented ആയി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
ചെക്ക് നം. 4306/16.03.22 – 685/-
ചെക്ക് നം. 3464/20.04.22 – 280/-

1-1-6 നിക്ഷേപിച്ച ചെക്ക് തുക ക്രഡിറ്റ് ആയില്ല

ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ (10380100214679) നിക്ഷേപിച്ച ചെക്ക് തുക ക്രെഡിറ്റ് ആയില്ല. [റെകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared (420904/12.11.20-1595/-)]

1-1-7 ഡിമാന്റ്,കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി (Residential &Non Residential), വാടക എന്നിവയുടെ ഡിസിബി തുകകൾ വാർഷികകണക്കിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ഡിസിബി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയില്ല

തൊഴിൽനികുതി (Employees & Traders) ഡിമാന്റ് രജിസ്റ്ററിൽ ഡിസിബി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽനികുതി (Employees & Traders) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

1-1-9 തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. സിഎഫ് സി ഗ്രാന്റ് -ടൈഡ് എസിആർ പ്രകാരമുള്ള ചെലവ് (330500) വാർഷിക കണക്ക് പ്രകാരമുള്ള ചെലവുമായി (384385/-)പൊരുത്തപ്പെടുന്നില്ല.
2.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് (4,81,55,000) വാർഷിക കണക്കുമായി (4,96,23,466/-)പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്താൻ സാധിക്കുംവിധം ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1-1-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല ഉദാ:- വസ്തുനികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്) ലഡ്ജറുകളിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-11 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-12 നീക്കിയിരുപ്പ് തുക ബാങ്ക് അക്കൌണ്ടുമായി പൊരുത്തപ്പെടുന്നില്ല

1. ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ ചേർക്കുന്ന ഗ്രാന്റ് തുകകൾക്ക് തുല്യമായ തുകകൾ B17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക്, ട്രഷറി അക്കൌണ്ടുകളിൽ ഉൾപ്പെടുന്നില്ല.

| | B4ഷെഡ്യൂൾ | B17ഷെഡ്യൂൾ |
|---|---|---|
| Health Grant | 252013 | 240922 |
| CFC Grant | 8445612 | 8125670 |

2. സ്വച്ച് ഭാരത് അഭിയാൻ (Rural & Urban) പദ്ധതിയ്ക്കായി 446577/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതേ തുക B4 ഷെഡ്യൂളിൽ ബാധ്യത ആയി ചേർത്തു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 18/03/2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 18,28,79,000.00 | 18,12,70,000.00 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 13,37, 89981 | 13,32, 71432 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,99,479 |
| വരവ് | 3,04,95,050 |
| ആകെ | 4,73,94,529 |
| ചെലവ് | 2,63,15,937 |
| നീക്കിയിരിപ്പ് | 2,10,78,592 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 16042502 | 16042502 | 12522983 | 3519519 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 5592836 | 5592836 | 5256967 | 335869 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | - | 7438000 | 7438000 | 6005071 | 1432929 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | - | 4980000 | 4980000 | 3267459 | 1712541 |
| 13-ാം ധനകാര്യ കമ്മീഷൻ (Tied) | 1789700 | 4157000 | 5946700 | 384385 | 5562315 |

| | | | | | |
|---|---|---|---|---|---|
| ബാങ്ക് | | | | | |
| ട്രഷറി | - | 573331 | 573331 | - | 573331 (ലാപ്സ് ആയത്) |
| 13-ാം ധനകാര്യ കമ്മീഷൻ (Untied) ബാങ്ക് | 1225365 | 2948041 (177041 പലിശ) | 4173406 | 1290109 | 2883297 |
| ട്രഷറി | - | 259135 | 259135 | 81943 | 177192 (ലാപ്സായത്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 129 | 71515728 | 74 | 32207548 | 7 | 48 | 45 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46 | 1484768 | 1484814 | 1484814 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48155000 | 48155000 | 48155000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 12323200 | 42 |
| വിധവാ പെൻഷൻ | 5487200 | 14 |
| വാർദ്ധക്യകാല പെൻഷൻ | 17542900 | 97 |
| വികലാംഗ പെൻഷൻ | 3005800 | 9 |
| അവിവാഹിത പെൻഷൻ | 249600 | 1 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 90/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര ഭരണ നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് അത്യാവശ്യം എഴുതി സൂക്ഷിക്കേണ്ടുന്ന സ്ഥാപന നികുതി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. ഏതൊക്കെ സ്ഥാപനങ്ങൾ നികുതി ഒടുക്കുവാനുണ്ടെന്നോ, ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്നോ,ഉള്ള വിവരങ്ങൾ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം പ്രവർത്തികളുടെ ഫയലുകളിലും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടു.

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.
4. പഞ്ചായത്തിൽ തൻവർഷം നിലവിലുള്ള 265 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കൃത്യമായി ഒടുക്ക് വരുത്തുന്നുണ്ടെങ്കിലും, മുൻ വർഷങ്ങളിൽ കുടിശ്ശികയായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ഒടുക്ക് വരുത്തുന്നില്ല. തന്മൂലം ഓരോ ബില്ലിലും പിഴ പലിശ കൂടി വരുകയാണ്. സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ച തീരുമാനിച്ചതായി 21-04-21 ലെ 2/1 നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
5. സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

6. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും പേരിൽ ലൈസൻസ് ഈടാക്കപ്പെട്ടിട്ടുണ്ടോയെന്നത് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.
7. 01-04-23 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ഇതുവരെ കരട് വിജ്ഞാപനം മാത്രമെ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ളു.
8. നിയമാനുസൃതം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ കാര്യമായ വരവ് – ചെലവുകളൊന്നും തന്നെ വന്നിട്ടില്ല. ആയതുകൊണ്ട് തന്നെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കിയതായി ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റിയുടെ 08-11-2022 ലെ അജണ്ട 1 തീരുമാനം 1,
09-01-2023 ലെ അജണ്ട 1 തീരുമാനം 1, 13-02-2023 ലെ അജണ്ട 1 തീരുമാനം 1 പ്രകാരവും വ്യക്തമാണ്.

മുൻവർഷങ്ങളിലെ വരവിനങ്ങളിലെ കുടിശ്ശിക വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വർഷാന്ത്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-04-2023 ലെ അജണ്ട 1 തീരുമാനം 1 പ്രകാരമുള്ള 01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ശിപാർശ ഭരണസമിതിയുടെ 12.06.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും ILGMS വരവും പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ |
|---|---|---|
| ബജറ്റിലെ പ്രതീക്ഷിത വരവ് | 16,54,352 | 10,46,502 |
| സഞ്ചയ പ്രകാരമുള്ള വരവ് | 16,44,821 | 10,45,102 |
| Ilgms പ്രകാരമുള്ള വരവ് | 16,65,524 | 10,63,258 |

01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 12.06.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 2(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 01-04-2023 ശേഷം അസസ്സ് ചെയ്ത എല്ലാ വിഭാഗം കെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് വർദ്ധിപ്പിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ടി കെട്ടിട ഉടമകളിൽ നിന്നും 01.04.20203 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിലെ നിരക്കുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ടി കെട്ടിടങ്ങളുടെ വസ്തുനികുതി പഴയ നിരക്കിൽ ആണ് ഈടാക്കുന്നത്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-04-2023 ലെ അജണ്ട 1 തീരുമാനം 1 പ്രകാരമുള്ള പരിഷ്കരിച്ച മേഖല വിഭജനം സംബന്ധിച്ച ശിപാർശ ഭരണസമിതിയുടെ മുൻപാകെ സമർപ്പിച്ചതനുസരിച്ച് ഭരണസമിതിയുടെ 12.06.23 ലെ 2(1) തീരുമാന പ്രകാരം പഞ്ചായത്ത് ഭൂപ്രദേശത്തെ 3 മേഖലകളാക്കി തിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ മുൻപാകെ സമർപ്പിച്ച ശിപാർശ അംഗീകരിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സഞ്ജയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ഹോസ്റ്റലുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങളിൽ നിന്നും ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്.മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്.ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട് ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

തൊഴിൽ നികുതി

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിനായി 26.07.2023ൽ ഓഡിറ്റ് റിക്വിസിഷനും 27.07.2023ൽ ഓഡിറ്റ് എൻക്വയറിയും (നം:16/27.07.2023) നൽകിയെങ്കിലും, പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെയും, വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ നികുതിയും, വിവിധ ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്കിയ സ്ഥാപന തൊഴിൽ നികുതിയുടെയും അധികാരിത പരിശോധിക്കാൻ ഉതകുന്ന രീതിയിലുള്ള ഒരു രേഖയും ഓഡിറ്റ് തീരുന്ന 31.07.2023 വരെ പരിശോധനക്ക് ലഭ്യമാക്കിയില്ല.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ഇതിനാൽ തൊഴിൽ നികുതി രജിസ്റ്ററും, ട്രേഡേഴ്സ് ലിസ്റ്റും സഞ്ചയയും പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളത് താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08-11-2022 ലെ അജണ്ട 1 തീരുമാനം 1, 09- 01-2023 ലെ അജണ്ട 1 തീരുമാനം 1, 13-02-2023 ലെ അജണ്ട 1 തീരുമാനം 1 പ്രകാരം ചർച്ച ചെയ്തിട്ടുള്ളതായി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വിലയിരുത്തുന്നു. 01.06.2022 ലെ സ.ഉ(കൈ) നം.117/2022/LSGD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ടി ഉത്തരവ് പ്രകാരം ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി 3 മാസത്തിൽ ഒരിക്കൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടില്ല. ഇത്തരത്തിൽ 3 മാസത്തിൽ ഒരിക്കൽ നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് ആരംഭിക്കുന്ന 21.07.2023 ൽ തന്നെ തൊഴിൽ നികുതി ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 12.07.2023ലെ KSA-ALP/GA2/TP-7/2023 നമ്പരായി ഓഡിറ്റ് നോട്ടീസ് നൽകുകയുണ്ടായി. രേഖകൾ ഹാജരാക്കാതിരുന്നതിനെ തുടർന്ന് 26.07.2023ൽ ഓഡിറ്റ് റിക്വിസിഷനും 27.07.2023ൽ ഓഡിറ്റ് എൻക്വയറിയും (നം. 16/27.07.2023) നൽകിയിരുന്നു. ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനെ തുടർന്ന് 27.07.2023 ൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ മേധാവികൾ 2022-23 ൽ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും, സ്വയം തൊഴിൽ ചെയ്യുന്നവരുടെയും തൊഴിൽ നികുതിയും, വിവിധ ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്കിയ സ്ഥാപന തൊഴിൽ നികുതിയുടെയും അധികാരിത പരിശോധിക്കാൻ ഉതകുന്ന രീതിയിലുള്ള മറ്റ് ഒരു രേഖയും ഓഡിറ്റ് തീരുന്ന 31.07.2023 വരെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-12 വസ്തുനികുതി തെറ്റായി നിർണയിച്ചു- 16,792/-രൂപയുടെ വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി

നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 2 ൽ തോമസ് ജോസഫ്, അന്നമ്മ തോമസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 225.32 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 2/121-A മുതൽ 2/121-F വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 2/121-A മുതൽ 2/121-F വരെയുള്ള 6 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:60രൂ/ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:40രൂ/ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>225.32 X60 =<br>13519.2<br>ലൈബ്രറി സെസ്സ് = 676<br>ആകെ = 13519.2+676= 14,195/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 2/121A- 989+49=1038<br>2) 2/121B- 1120+61=1181<br>3)2/121 C- 1170+59=1229<br>4)2/121 D- 1051+53=1104<br>5) 2/121E- 3593+180=3773<br>6) 2/121 F-989+49= 1038<br>ആകെ = 9363/- |
| ആകെ | 14,195/- | 9,363/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 4,832/- |

മേൽ സൂചിപ്പിച്ച 10 കെട്ടിടങ്ങളും ഒരേ പെർമിറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 4,832/-രൂപയുടെ കുറവുണ്ടായി.

2) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 10ൽ ലൂയിസ് ഏലിയാസ്, സെബാസ്റ്റ്യൻ തോമസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 139.8 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 10/9-A മുതൽ 10/9-F വരെ) കെട്ടിടത്തെ

വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 10/9-A മുതൽ 10/9-F വരെയുള്ള 6 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:60രൂ ച.മീ.) | | കണക്കാകിയനികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>139.8 X60 = 8388/-<br>ലൈബ്രറി സെസ്സ് = 419<br>ആകെ = 8388+419= 8,807/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 10/9A- 932+47=979<br>2) 10/9B- 932+47=979<br>3)10/9 C- 932+47=979<br>4)10/9 D-932+47=979<br>5) 10/9 E- 932+47=979<br>6) 10/9 F- 932+47=979<br>ആകെ = 5874/- |
| ആകെ | 8,807/- | 5,874/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 2,933/- |

മേൽ സൂചിപ്പിച്ച 6 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 2,933/-രൂപ വസ്തുനികുതിയിനത്തിൽ കുറവുണ്ടായി.

3) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 12ൽ ഷോജി തോമസ് ആലപ്പാട്ട്,മരിയാപുരം, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 259.58 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് നിലകൾ ഉള്ള (കെട്ടിട നം: 12/377-A മുതൽ 12/377-C വരെ താഴത്തെ നില, 12/377-D മുതൽ 12/377-F വരെ ഒന്നാം നില, 12/377-G മുതൽ 12/377-I വരെ രണ്ടാം നില ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 12/377-A മുതൽ 12/377-I വരെയുള്ള 9 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി +ലൈബ്രറി സെസ്സ് (നികുതി നിരക്ക്: 60രൂ /ച.മീ.) | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്: 40രൂ /ച.മീ.) |
|---|---|

| | | |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>69.8 X60 =4188<br>ലൈബ്രറി സെസ്സ് = 209<br>ആകെ = 4188+209= 4397/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 12/377 A- 800+40=840<br>2) 12/377 B- 1352+68=1420<br>3) 12/377 C- 640+32= 672<br>ആകെ = 2,932/- |
| ഒന്നാം നില | അടിസ്ഥാന നികുതി<br>89.19x60 =<br>5351/-ബഹുനില വാണിജ്യാവശ്യ ഇളവ്(5%) =267.55<br>ലൈബ്രറി സെസ്സ്<br>= 254<br>ആകെ = 5083+254<br>= 5,337/- | (അടിസ്ഥാന നികുതി- ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>4) 12/377 D-760+38=798<br>5) 12/377 E-760+38=798<br>6) 12/377 F-1870+94=1964<br>ആകെ = 3,560/- |
| രണ്ടാം നില | അടിസ്ഥാന നികുതി<br>100.59x60 =<br>6035/-ബഹുനില വാണിജ്യാവശ്യ ഇളവ്(10%) =603.5<br>ലൈബ്രറി സെസ്സ് = 272<br>ആകെ = 5432+272<br>= 5,704/- | (അടിസ്ഥാന നികുതി- ബഹുനില വാണിജ്യാവശ്യ ഇളവ് 10%)+ലൈബ്രറി സെസ്സ്<br>7) 12/377 G-720+36=756<br>8) 12/377 H-720+36=756<br>9) 12/377 I -2181+109=2290<br>ആകെ =3,802/- |
| ആകെ | 15,438/- | 10,294/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 5,144/- |

മേൽ സൂചിപ്പിച്ച 9 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 5,144/-രൂപ വസ്തുനികുതിയിനത്തിൽ കുറവുണ്ടായി.

4) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 12ൽ മിനി ജോർജ്ജ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 192.3 ച.മീ. വിസ്തീർണ്ണമുള്ളതും ഒരേ സർവെ നമ്പറിലുള്ളതുമായ (കെട്ടിട നം: 12/369-B,12/369-C താഴത്തെ നില, 12/369-E, 12/369-F ഒന്നാം നില) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 12/369-B,12/369-C,12/369-E,12,369-F എന്നീ 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി

ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:60രൂ /ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 43.56 X60 = 2614/- ലൈബ്രറി സെസ്സ് = 131 ആകെ = 2614+131= 2,745/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ് 1) 12/369-B-871+44=915 2) 12/369-C- 871+44=915 ആകെ = 1,830/- |
| ഒന്നാം നില | അടിസ്ഥാന നികുതി 148.74x60 = 8924.4/- ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 446.22 ലൈബ്രറി സെസ്സ് = 424 ആകെ = 8478+424= 8902 | (അടിസ്ഥാന നികുതി- ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ് 3)12/369-E-2826+141=2967 4)12/369-F-2826+141=2967 ആകെ = 5,934/- |
| ആകെ | 11,647/- | 7,764/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 3,883/- |

മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 3,883/-രൂപ വസ്തുനികുതി ഇനത്തിൽ കുറയുന്നതിനിടയായി.

വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ആകെ 16,852/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05/24-07-2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ വസ്തുനികുതി പുന: നിർണ്ണയിച്ച് 2022-23 ലെ കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-13 വെള്ളക്കരം കുടിശ്ശിക- വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര് -കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ
പ്രോജക്ട് നം.55/23
നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഒരു ടാപ്പിന് പ്രതിവർഷം 5788/- രൂപയെന്ന നിരക്കിൽ ഗ്രാമപഞ്ചായത്തിലെ 265 ടാപ്പുകൾക്ക്

1,27,818/- രൂപയാണ് ഫെബ്രുവരി, 2023 വരെയുള്ള പ്രതിമാസ വെള്ളക്കരം ഡിമാന്റ്. മാർച്ച് 2023 മുതൽ ആയത് 14599/- രൂപയായി വർദ്ധിപ്പിച്ചതുമൂലം പ്രതിമാസ വെള്ളക്കരം 3,21,511/-രൂപ (14559/Yr) ആണ്. ഡിമാന്റ് പ്രകാരമുള്ള തുക പ്രതിമാസം കൃത്യമായി അടക്കുന്നുണ്ടെങ്കിലും മുൻബാക്കി, പിഴ ഇനത്തിൽ ബില്ലിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. (4/2022ലെ ബിൽ പ്രകാരം കുടിശ്ശിക (22345/-) പിഴ (438/-), 3/23 ലെ ബിൽ പ്രകാരം കുടിശ്ശിക (27669/-) പിഴ (543/-). പ്രതിമാസതുക കുടിശ്ശിക ഇല്ലാതെ ഒടുക്കുന്നുണ്ടെങ്കിലും ബില്ലിൽ കുടിശ്ശിക രേഖപ്പെടുത്തി ക്യാരിഓവർ ചെയ്യുന്നതായാണ് കാണുന്നത്. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന കുടിശ്ശികയുടെ കാരണം വിശദമാക്കുന്നതിനും പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ കുടിശ്ശിക ഇല്ല എങ്കിൽ ആയത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12), വിവരം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

### 1-14 ജല ജീവൻ പദ്ധതി -വിനിയോഗ രേഖകളുടെ അഭാവത്തിൽ 8,50,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് – ജല ജീവൻ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ

പ്രോജക്ട് നം. – 28/23

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 8,50,000/-

ചെലവ് - 8,50,000 (വികസന ഫണ്ട്)

ബിൽ നം. 6/22.12.2022

വിവിധ വാർഡുകളിലായി 2738 വീടുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 4,65,90,000/-രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി നൽകിയത്. അടങ്കൽ തുകയുടെ 15% ഗ്രാമപഞ്ചായത്ത്, 10% ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 2021-22 വർഷം 10,00,000/- രൂപയും 2022-23 വർഷം 8,50,000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും കരാർ വെച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.6/24.07.23) മറുപടിയിൽ അറിയിച്ചത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകി എന്നതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾക്കായി സ്ഥാപനത്തിന് കത്ത് നൽകി എന്നാണ് അറിയിച്ചത്.

പദ്ധതി എന്ന് പൂർത്തീകരിക്കും എന്നതിന്റെയോ നിലവിലെ സ്ഥിതിയുടെയോ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. രണ്ട് വർഷങ്ങളിലായി 18,50,000/-രൂപ ചെലവഴിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 8,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

### 1-15 ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചില്ല - 4,56,080/- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച ചുവടെ ചേർക്കുന്ന പദ്ധതികളിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

1. വൃദ്ധർക്ക് കട്ടിൽ (എസ് സി) (പ്രോജക്ട് നം.76/23)

പദ്ധതിയുടെ ഭാഗമായി 63 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. "പ്രോജക്ടു പ്രകാരം

അംഗീകരിച്ച കട്ടിലിന്റെ നിരക്ക് പ്രകാരം 63 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാവുന്നതാണെന്നും നിലവിലുള്ള ഗുണഭോക്തൃലിസ്റ്റ് പ്രകാരം 35 ഗുണഭോക്താക്കൾ മാത്രമാണ് പൂർണ്ണമായുള്ള അപേക്ഷ സമർപ്പിച്ചതെന്നും ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയതനുസരിച്ച് 6 ഗുണഭോക്താക്കളിൽനിന്നും മാത്രമാണ് അപേക്ഷ ലഭ്യമായിരിക്കുന്നതെന്നും" രേഖപ്പെടുത്തി 04.03.23ലെ 2(3) തീരുമാനപ്രകാരം പതിനേഴ് ഗുണഭോക്താക്കളെ പദ്ധതിക്കായി അംഗീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 04.03.2023 തീയതിയിലെ 2(4)-ാം നമ്പർ തീരുമാനപ്രകാരം 2 പേരെയും 22.3.23ലെ 1(2) തീരുമാനപ്രകാരം മൂന്ന് ഗുണഭോക്താക്കളയും ആനുകൂല്യത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത ഗ്രാമസഭയിലെ അംഗീകാരത്തിന് വിധേയമായി പഞ്ചായത്ത് കമ്മിറ്റി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഗ്രാമസഭാ അംഗീകാരത്തിന്റെ അഭാവത്തിൽ 22 ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 91080/- (4140*22) തടസ്സപ്പെടുത്തുന്നു.

ബിൽ നം. 12/22-23/28.3.23 – 115912/-

2. എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 72/23)

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 23 ഗുണഭോക്താക്കൾ മാത്രമാണ് പൂർണ്ണമായി അപേക്ഷകൾ സമർപ്പിച്ച് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത് എന്ന് രേഖപ്പെടുത്തി പതിനാറ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പതിമൂന്ന് പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. [04.03.23ലെ 2(6)തീരുമാനം ] അടുത്ത ഗ്രാമസഭയിലെ അംഗീകാരത്തിന് വിധേയമായി പഞ്ചായത്ത് കമ്മിറ്റി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഗ്രാമസഭാഅംഗീകാരത്തിന്റെ അഭാവത്തിൽ 13 ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 3,65,000/-തടസ്സപ്പെടുത്തുന്നു. ബിൽ നം. 11/22-23 /22.3.23 – 505000/-

6, 11, 12 വാർഡുകളിലെ ഗ്രാമസഭാ മിനുട്സുകൾ മാത്രമാണ് ഹാജരാക്കിയത്. ഹാജരാക്കിയ മിനുട്സുകൾ പൂർണ്ണമായിരുന്നില്ല. ടി പദ്ധതികളിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് കോർഡിനേറ്റർമാർക്ക് നൽകിയിട്ടുണ്ടെന്നും ഗ്രാമസഭാമിനുട്സ് പൂർത്തിയാക്കുന്ന മുറക്ക് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. ഗുണഭോക്താക്കളുടെ ഗ്രാമസഭാ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.13/26.7.23

1-16 നെൽ വിത്ത് വിതരണം- രേഖകൾ ഹാജരാക്കിയില്ല 1135176/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - നെൽവിത്ത് സബ്സിഡി (88/23)

അടങ്കൽ തുക- 1310200-(വികസനഫണ്ട്)

ചെലവ് -1135176/ -

ട്രഷറി ബിൽ നം 3/09-11-22 - 486696

ട്രഷറി ബിൽ നം 4/09-11-22 - 648480

എടത്വ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെൽ കൃഷിക്കാർക്ക് ആവശ്യമായ നെൽ വിത്ത് വാങ്ങി വിതരണം ചെയ്യുവാനായാണ് മേൽ പദ്ധതി നടപ്പാക്കിയത്. കൃഷി ഓഫീസർ നടപ്പാക്കിയ ടി പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

എടത്വ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലേയ്ക്ക് വിത്തുകൾ വാങ്ങി വിതരണം ചെയ്യാനായി കെ.എം.എസ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം 00290620000042) 1135176/- നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിലേയ്ക്കാണ് തുക നൽകിയതെന്നുള്ള വിവരം ട്രഷറി ബില്ലിൽ നിന്ന് മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ.വിത്ത് വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ലഭ്യമല്ല. കിലോയ്ക്ക് എത്ര രൂപയ്ക്ക് വിത്ത് വാങ്ങിയെന്നോ,ആകെ എത്ര കിലോ വിത്ത് വാങ്ങിയെന്നോയുള്ള വിവരങ്ങളോ, ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.എതൊക്കെ പാടശേഖരങ്ങൾക്കായാണ് ടി വിത്ത് വാങ്ങിയെതെന്നുള്ള

വിവരങ്ങളും ലഭ്യമല്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനാണ് നിർദ്ധേശിച്ചിരിയ്ക്കുന്നത്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിയ്ക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതാണെന്നാണ് നിർദ്ദേശിച്ചിരിയ്ക്കുന്നത്. എന്നാൽ ടി സ്ഥാപനം കൃഷി വകുപ്പിന്റെ അംഗീകൃത സ്ഥാപനമാണോ എന്ന് വ്യക്തമല്ല. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിത്ത് വാങ്ങാത്തത് എന്ത് കൊണ്ടാണെന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല.

നെൽവിത്ത് വാങ്ങിയതിന്റെ വില (പദ്ധതി വിഹിതം) ടി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നെൽവിത്ത് പാടശേഖര സമിതികൾ കൈപ്പറ്റിയതിന്റെയൊ കർഷകർക്ക് വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഓരോ പാടശേഖരങ്ങൾക്കും എത്ര കിലോ വിത്ത് വീതം നൽകിയിട്ടുണ്ടെന്നത് വ്യക്തമല്ല പാടശേഖരങ്ങളിലെ കൃഷിക്കാരും പാടശേഖര സമിതികളും വിത്തുകൾ കൈപ്പറ്റിയതിന്റ വിവരങ്ങൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

ടി പാടശേഖരങ്ങളിൽ നിന്നുള്ള പാടശേഖരങ്ങളുടെ വിസ്തൃതി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല രേഖകളില്ലാതെ വിത്തിന്റെ ആവശ്യകത എങ്ങനെ നിർണ്ണയിച്ചു എന്നതും വ്യക്തമല്ല. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/27-07-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലുകളും രേഖകളും ഹാജരാക്കാത്തതിനാൽ ടി പദ്ധിയ്ക്ക് വേണ്ടി ചെലവഴിച്ച 1135176/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 എയർകണ്ടീഷണർ വാങ്ങൽ – അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 132/33 |
| പ്രോജക്ട് | രോഗനിർണ്ണയ സൗകര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 564272(മെഡിക്കൽ ഗ്രാന്റ്) |
| ചെലവ് | 66900/-<br>ബിൽ റിക്വസിഷൻ നം. 5045300401220016/31-01-23 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ രോഗനിർണ്ണയ സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം 66900/- രൂപ ചെലവഴിച്ച് 1.5 ടൺ എസിയും, ഫ്രിഡ്ജും മത്സരാധിഷ്ഠിത ക്വട്ടേഷൻ മുഖേന ടി.വി.വേൾഡ് ഹോം അപ്ളയൻസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ.(പി) നം7/19/എസ്.പി.ഡി/26-04-19 പ്രകാരവും സ്റ്റോർപർച്ചേസ് മാന്വൽ ഖ.19.3 പ്രകാരവും എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM (ഗവ.ഇ മാർക്കറ്റ് പ്ളേസ്) മുഖേന സമാഹരിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്ലാതെ വന്നാലോ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ

പ്രത്യകയുള്ളതാണെങ്കിലോ മാത്രമേ മറ്റ് മാർഗ്ഗങ്ങൾ അവലംബിയ്ക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും GeMൽ ലഭ്യമല്ലാത്തിനെക്കുറിച്ചുള്ള വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/25-07-23 ന് മറുപടി ലഭ്യമാക്കിയില്ല. ഗവ.ഫണ്ട് ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും സമാഹരിയ്ക്കുമ്പോൾ പൊതുപണത്തിന് നഷ്ടമുണ്ടാകാത്തവിധം സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് സമാഹരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-18 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണവും പ്രവർത്തനം ശക്തിപ്പെടുത്തലും – അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 133/23 |
| പ്രോജക്റ്റ് | ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണവും പ്രവർത്തനം ശക്തിപ്പെടുത്തലും |
| അടങ്കൽ | 345825(മെഡിക്കൽ ഗ്രാന്റ് )<br>ആകെ ചെലവ്-191219 |
| ചെലവ് | 45825 (ഓട്ടോ കൂലി നൽകിയത് മാത്രം)<br>ബിൽ റിക്വസിഷൻ നം. 5045300401220020/17-02-23 |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണവും പ്രവർത്തനം ശക്തിപ്പെടുത്തലും പദ്ധതി പ്രകാരം സി.എച്ച്.സി യ്ക്ക് കീഴിലുള്ള വിവിധ സബ് സെന്ററുകളിൽ വാക്സിനേഷൻ നടപ്പാക്കി. ഫയൽ പരിശോധിച്ചതിൽ ടി പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാക്സിനേഷന് മരുന്ന് കൊണ്ട് പോകുന്നതിനായി 15-04-21 മുതൽ 16-12-21 വരെ ഷാജി.പി.ഡി പുത്തൻപറമ്പിൽ, എടത്വ എന്നയാളുടെ ഓട്ടോയാണ് ഉപയോഗിച്ചിരിയ്ക്കുന്നത്. ഇതിന് കൂലിയായി ടി യാൾക്ക് ഓട്ടോ കൂലിയായി 45825/- രൂപ നൽകിയിട്ടുമുണ്ട് (ഒരു ട്രിപ്പിന് 350/- രൂപ വീതം) (വൗച്ചർ നം-459/22-23 മുതൽ 589/22-23 വരെ (15-04-21 മുതൽ 16-12-21 വരെ)) ഏകദേശം 8 മാസത്തോളം ഈ പദ്ധതിയ്ക്കായി ഓട്ടോ ഓടിയിട്ടും ടിയാളുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്തിൽ പാലിയേറ്റീവ് കെയറിനായി ഓടുന്ന ഓട്ടോ(KL-04-AB-8746 ബാബുക്കുട്ടൻ) 825/- രൂപ നിരക്കിലാണ് രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ ഓടുന്നത്. തുടർച്ചയായ മാസങ്ങളിൽ വാക്സിനേഷനായി വാഹന വാടക ഇനത്തിൽ തുക ചെലവഴിക്കേണ്ടി വന്നിട്ടും ക്വട്ടേഷൻ വിളിച്ച് കരാറിലേർപ്പെടാതെ ഇത്രയും കാലം തുക ചെലവഴിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. സിഎച്ച് സി യുടെ കീഴിൽ ഏതൊക്കെ സബ് സെന്ററുകളിൽ വാക്സിനേഷൻ നടക്കുന്നുവെന്നും ഏതൊക്കെ ദിവസങ്ങളിലാണ് നടക്കുന്നതെന്നും വൌച്ചറുകളിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമല്ല.

2) ഓട്ടോ കൂലിയായി വൗച്ചർ പ്രകാരം 350/-രൂപ വീതമാണ് ഡ്രൈവർ കൈപ്പറ്റിയിരിയ്ക്കുന്നത്. എന്നാൽ ടിയാൻ എത്ര കി.മി ഓട്ടോ ഓടിയെന്നത് സംബന്ധിച്ച ട്രിപ്പ് ഷീറ്റ് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. മാത്രമല്ല ഒരേ ദിവസം തന്നെ രണ്ടും, മൂന്നും വൗച്ചറുകളിലായി 350/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമനം | വൗച്ചർ നം | തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 459/22-23 | 15-04-21 | 350 |

| | | | |
|---|---|---|---|
| | 523/22-23 | 15-04-21 | 350 |
| | | സബ് ടോട്ടൽ | 700 |
| 2 | 460/22-23 | 17-03-22 | 350 |
| | 534/22-23 | 17-03-22 | 350 |
| | 550/22-23 | 17-03-22 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 3 | 461/22-23 | 21-04-22 | 350 |
| | 535/22-23 | 21-04-22 | 350 |
| | 551/22-23 | 21-04-22 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 4 | 462/22-23 | 19-05-22 | 350 |
| | 536/22-23 | 19-05-22 | 350 |
| | 552/22-23 | 19-05-22 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 5 | 463/22-23 | 16-06-22 | 350 |
| | 537/22-23 | 16-06-22 | 350 |
| | 553/22-23 | 16-06-22 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 6 | 464/22-23 | 21-07-22 | 350 |
| | 538/22-23 | 21-07-22 | 350 |
| | 554/22-23 | 21-07-22 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 7 | 466/22-23 | 18-11-23 | 350 |
| | 530/22-23 | 18-11-23 | 350 |
| | 546/22-23 | 18-11-23 | 350 |
| | | സബ്ബ് ടോട്ടൽ | 1050 |
| 8 | 467/22-23 | 20-01-22 | 350 |
| | 532/22-23 | 20-01-22 | 350 |
| | 548/22-23 | 20-01-22 | 350 |
| | | സബ് ടോട്ടൽ | 1050 |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ, 2021-22 വർഷങ്ങളിലെ തുകയും ഈ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നൽകിയതായി കാണാം. എന്നാൽ 2022-23 വർഷം ഈ പദ്ധതി പുതിയതായി ഏറ്റെടുത്ത് നടപ്പിലാക്കിയതാണ്. മുൻ വർഷത്തെ ചെലവ് തുക നൽകുന്നതിന് സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം ലഭ്യമാക്കിയിരുന്നതായി കാണുന്നില്ല. മുൻ വർഷങ്ങളിൽ ഈ തുക അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണെന്നുള്ളത് ഫയലിൽ നിന്നും വ്യക്തമല്ല. മേൽ പട്ടികയിലുള്ള തീയതികളിൽ ടി ഓട്ടോ ഓടിയ സബ്ബ് സെന്ററുകൾ ഏതൊക്കെയാണെന്നുള്ള വിവരവും ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/25-07-23 ന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 കാലയളവിലെ ഹെൽത്ത്

ഗ്രാന്റാണ് 2022-23 ൽ ലഭ്യമായതെന്നും ആയതിനാൽ വണ്ടികൂലി കുടിശ്ശികയായതിനാൽ തുക ഒന്നിച്ച് നൽകിയതെന്നും വിവിധ സബ്ബ് സെന്ററുകളിൽ വെച്ച് വാക്സിനേഷൻ നടത്തേണ്ടി വരുന്നതിനാൽ വിവിധ ജീവനക്കാരേയും വാക്സിനും കൊണ്ട് രണ്ട് മൂന്ന് പ്രാവശ്യം വണ്ടി ഓടേണ്ടി വരുന്നുവെന്നും ഓട്ടോറിക്ഷ മാത്രം കടന്ന് ചെല്ലുന്ന സ്ഥലങ്ങളിൽ വെച്ചാണ് വാക്സിനേഷൻ നടത്തേണ്ടി വരുന്നതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ആവശ്യമെങ്കിൽ ആശുപത്രി വികസനഫണ്ടിൽ നിന്നും (2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരാഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടം 7(1) )ടി തുക ചെലവഴിച്ച ശേഷം റീ-ക്ലൂപ്പ് ചെയ്യാവുന്നതുമായിരുന്നു. എന്നാൽ മേൽ പട്ടികയിലുള്ള തീയതികളിൽ ടി ഓട്ടോ ഓടിയ സബ്ബ് സെന്ററുകൾ ഏതൊക്കെയാണന്നും സബ്ബ് സെന്ററുകൾ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും തുടങ്ങിയ വിവരങ്ങളോന്നും ലഭ്യമാക്കിയിട്ടില്ല. ആശുപത്രിക്ക് സ്വന്തമായി വാഹനം ഉണ്ടായിരുന്നുവോയെന്നും, ഉണ്ടായിരുന്നുവെങ്കിൽ വാക്സിനേഷന് ആരോഗ്യവകുപ്പിന്റ വാഹനം എന്തുകൊണ്ട് ഉപയോഗിച്ചില്ലായെന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല വാക്സിനേഷൻ എന്നത് ആരോഗ്യവകുപ്പിന്റെ എല്ലാ വർഷവും നടക്കുന്ന തുടർപരിപാടിയായതു കൊണ്ട് തന്നെ ഇതിനായി നേരത്തേ പ്രോഗ്രാം തയ്യാറായിരിയ്ക്കും ഇതനുസരിച്ച് നേരത്തേ തന്നെ ക്വട്ടേഷൻ വിളിച്ച് വാഹനം തയ്യാറാക്കാതിരുന്നത് ഉത്തരാവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള അലംഭാവമാണ്. ഭാവിയിൽ സർക്കാർ പദ്ധതികൾ നടപ്പാക്കുമ്പോൾ ദീർഘവീക്ഷണത്തോടെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

### 1-19 തുടർസാക്ഷരത പ്രവർത്തനം-രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.17/22-23.

ചെലവിന്റെ വിവരം.

50000/- 12/31-03-23 (വികസനഫണ്ട്)

8250/- ചെക്ക് നം. 10308731/31-03-23 (തനത് ഫണ്ട്)

ഹെഡ്മിസ്ട്രസ് നടപ്പാക്കിയ സാക്ഷരത തുല്യത പദ്ധതിയിൽ പത്താം തരം തുല്യതയ്ക്കായും ഹയർ സെക്കണ്ടറി തുല്യതയ്ക്കായും ആകെ 58250/രൂപ ചെലവഴിച്ചിട്ടുണ്ട്. കോഴ്സിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കോഴ്സിന്റെ പേര് | പഠിതാക്കളുടെ എണ്ണം കോഴ്സ് ഫീസ് | എസ് സി/ ജനറൽ | തുക |
|---|---|---|---|---|
| 1 | പത്താം തരം തുല്യത | 13@1950 | ജനറൽ | 25350 |
| 2 | പത്താം തരം തുല്യത | 3@100 | എസ് സി | 300 |
| 3 | ഹയർസെക്കണ്ടറി തുല്യത ഒന്നാം വർഷം | 7@2500 | ജനറൽ | 17500 |
| 4 | ഹയർസെക്കണ്ടറി തുല്യത ഒന്നാം വർഷം | 6 @ 300 | എസ് സി | 1800 |
| 5 | ഹയർസെക്കണ്ടറി തുല്യത രണ്ടാം വർഷം | 4 @ 2950 | ജനറൽ | 12550 |
| 6 | ഹയർസെക്കണ്ടറി തുല്യത രണ്ടാം വർഷം | 1 @ 750 | എസ് സി | 750 |
| | | | ആകെ | 58250 |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ പട്ടികയിലെ പഠിതാക്കൾക്ക് കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 58250/- രൂപ

സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ സാക്ഷരതാമിഷന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

2) ഓരോ തലത്തിലും എത്ര പേർ പരീക്ഷ എഴുതി എന്നതിന്റെയും (അഡ്മിറ്റ് കാർഡ് സഹിതം) പരീക്ഷ എഴുതിയതിൽ വിജയിച്ചവരുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല (ഹയർസെക്കണ്ടറി തുല്യത രണ്ടാം വർഷം അഡ്മിറ്റ് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്)

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/27-07-23ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാലും, കൈപ്പറ്റ് രസീത് ഹാജരാക്കാത്തതിനാലും ടി പദ്ധതിയ്ക്കായി ചെലവഴിച്ച (ഹയർസെക്കണ്ടറി തുല്യത രണ്ടാം വർഷം ഒഴികെയുള്ള) 44950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച്

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കളിൽ ചിലർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം. | പേര് മേൽവിലാസം | പി.പി.ഒ നമ്പർ | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക (സേവന പ്രകാരം) |
|---|---|---|---|---|
| 1 | 104530100960 | ദേവകി അഞ്ചരക്കളത്തിൽ | CGR/8727/SF | 48400 |
| 2 | 104530101009 | സന്താനവല്ലി ഹരിസദനം, ചങ്ങംകരി | CGR/3003/SF | 50800 |
| 3 | 104530201094 | റീത്താമ്മ സേവ്യർ. മാടപ്പുരയ്ക്കൽ, തായങ്കരി | 36146507/PRS/PEN/1210 | 40400 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിറി നം. 22/29-07-23ന് മറുപടിയിൽ തുക ഈടാക്കാൻ ടി വ്യക്തികൾക്ക് രേഖാമൂലം കത്ത് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ച (നം.ജെ.സി 952/21/12-04-21). മേൽ വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഐകെഎം വിഹിതം അടക്കൽ -വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 65,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - ഐകെഎം വിഹിതം അടക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം. 54/23

ഫണ്ട് - വികസനഫണ്ട് (ജനറൽ)

അടങ്കൽ - 65,000/-

ചെലവ് - 65,000/- (ബിൽ നം.18/23 തീയതി 30.9.2022),

ഐകെഎം പ്രവർത്തനഫണ്ട് ആയി 65,000/-രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 65,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം.12/25.07.23

1-22 നൽകിയ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്റ്റ് നം - 9/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 2,00,000/-

ചെലവ് – 2,00,000/- (ബിൽ നം. 1/22-23/03.11.22)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 2,00,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 1,00,969/- രൂപയുടെ മരുന്നുകൾ (Inv.no.LF 361/23.06.23) മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (99,031/-)മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിവരം സ്റ്റോക്കിൽ ചേർത്ത് മറുപടി നൽകേണ്ടതാണ്.

1-23 പാലിയേറ്റീവ് കെയർ 12358/-രൂപയുടെ മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ സാന്ത്വന രോഗീ പരിചരണം എന്ന പദ്ധതിയ്ക്കായി 700000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയറിനായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുവാനായി ആകെ 66298/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 1737/18-10-2022 പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 10/22-23 |
| പ്രോജക്റ്റ് | സാന്ത്വന രോഗീപരിചരണം |
| | |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 1737/18-10-2022 |
| ചെലവ് | 66298/-<br>ബിആർഎൻ 22070552003400752157<br>/08-11-22 |

ടി തുക പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ 53940/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | ഇൻവോയിസ് നം | ബിൽ തുക |
|---|---|---|
| 1 | 20210/15-12-22 | 22382 |
| 2 | 21106/23-12-22 | 7323 |

| | | |
|---|---|---|
| 3 | 21311/27-12-22 | 4110 |
| 4 | 25821/27-02-23 | 20125 |
| ആകെ | | 53940/- |

12358/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനും മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/22-07-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം സ്റ്റോക്കിൽ ചേർത്ത് മറുപടി നൽകേണ്ടതാണ്.

1-24 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം/ പ്രൊജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തിയതി |
|---|---|---|---|---|
| 1 | 108 ൽ ചിറ റോഡ് മെയിന്റനൻസ്-w-5 48588/22, പേജ് 105/23 | 5900/- | മെയിന്റനൻസ് ഗ്രാന്റ് | 15/22-23,dt.27.3.23 496000/- |
| 2 | ചേന്നങ്കരി പടി മുതൽ -പള്ളിപ്പുറം പടി വരെ റോഡ് റീ- ടാറിംഗ്-w-13, 107901/22, പേജ് – 155/23 | 4130/- | മെയിന്റനൻസ് ഗ്രാന്റ് | 24/22-23,dt. 28.03.23 510000/- |
| 3. | തിരുഹൃദയ പള്ളി മുതൽ ആറ്റതീരം വരെ റോഡ് പുനരുദ്ധാരണം- W-7, 37318/22, 108/23 | 2950/- | മെയിന്റനൻസ് ഗ്രാന്റ് | 10/22-23, Dt. 27.03.23 496000/- |
| 4. | പുതുപ്പുരയ്ക്കൽ പടി- തയ്യിൽപ്പടി റോഡ് റീ- ടാറിംഗ്-w-8 102249/22, 151/23 | 3245/- | മെയിന്റനൻസ് ഗ്രാന്റ് | 14/22-23, Dt. 27.03.23 500000/- |
| 5. | കൊച്ചുപുരയ്ക്കൽ പടി -മുളപ്പൻചേരി മോട്ടോർ തറ വരെ റോഡ് ടാറിംഗ്-w-9 80408/22, 110/23 | 2360/- | മെയിന്റനൻസ് ഗ്രാന്റ് | 16/22-23,dt. 27.03.23 443000/- |
| | ആകെ | 18585/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം സഞ്ചിതനിധിയിൽ നിന്നും അധികം പിൻവലിച്ച തുക ചെലാൻ മുഖേന സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും നികുതിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക, ആ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിൽ നിന്നുമുള്ള ചെലവാണ്. ആയതിനാൽ ഈയിനത്തിൽ സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ

പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവർത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9/25.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്ക വരുത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവിനെക്കാൾ കൂടുതൽ പ്രവർത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കൂലി നൽകി-കേന്ദ്ര സർക്കാരിന് നഷ്ടം -17366/-

1. 10-ാം വാർഡിൽ വട്ടമാലി പാടശേഖരത്തിന്റെ അകംബണ്ട് ബലപ്പെടുത്തൽ-

വർക്ക് കോഡ്- FP/392299M-book No.- 125/22-23.

| |
|---|
| FTO- No.-1) 957756, Rs-37631/- Dt.18-01-23 |
| FTO- No. 2) 1171624, Rs-26746/- Dt.24-03-23 |

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | 2000m$^2$ (ഇൻവോയിസ് നം.cc/IG /3062, Dt.07-01-23, ഇൻവോയിസ് നം.cc/IG/3414, Dt.31-01-23) |
| അളവുപുസ്തകം പ്രകാരം കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള അളവ് | 2227m$^2$ (573+764+508+382) =2227m$^2$) |
| അധികം നൽകിയത് | 2227m$^2$ – 2000m$^2$ = 227 M$^2$ 227 M$^2$ X 76.506 =Rs-17366/- |
| എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവർത്തിക്കാവശ്യമായ പ്രവർത്തി ദിനങ്ങളും, ആവശ്യമായ തുകയും. (@311/day) | 727.79 എണ്ണം, Rs-226342/- |
| ഈ പ്രവർത്തിക്കനുവദിച്ച മനുഷ്യ ദിനങ്ങളും, തുകയും | 721 എണ്ണം, Rs-224231/ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവർത്തിയിൽ 2000m$^2$ കയർഭൂവസ്ത്രം വാങ്ങിയിട്ടുണ്ടെന്നും, എന്നാൽ 2227m$^2$ കയർഭൂവസ്ത്രം മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നാണ്. എസ്റ്റിമേറ്റ് പ്രകാരം വാങ്ങുവാനും വിരിക്കുവാനുമുദ്ദേശിച്ചത് 2250m$^2$ കയർഭൂവസ്ത്രം ആണ്. ഈ അളവിൽ കയർഭൂവസ്ത്രം വിരിച്ച് പ്രവർത്തി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയിട്ടുള്ള ആകെ മനുഷ്യദിനം 727.79 ആണ്. ഇതിൽ നിന്നും, എസ്റ്റിമേറ്റ് പ്രകാരമുള്ള മനുഷ്യദിനത്തിന്റെ 99.06% വും ഈ പ്രവർത്തിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാണ്. 2000m$^2$ കയർഭൂവസ്ത്രം വാങ്ങിയതിനാണ് തുക നൽകിയിരിക്കുന്നതെന്നും, എന്നാൽ സൈറ്റിൽ 2227 M$^2$ കയർഭൂവസ്ത്രം ആണ് ഇറക്കിയതെന്നും, ഈ മനുഷ്യദിനം ഉപയോഗിച്ച് തന്നെ 2227 M$^2$ കയർഭൂവസ്ത്രം വിരിച്ചുവെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് 2000 M$^2$ കയർഭൂവസ്ത്രം വാങ്ങിയെന്ന് ആദ്യഭാഗത്ത് രേഖപ്പെടുത്തിയിട്ടുള്ള മറുപടിക്ക് കടകവിരുദ്ധമാണ് ഈ മറുപടി. മാത്രവുമല്ല, 2227 M$^2$ കയർഭൂവസ്ത്രം സപ്ലൈ ചെയ്ത കയർ കോർപ്പറേഷൻ 2000m$^2$ കയർഭൂവസ്ത്രത്തിന്റെ വിലയേ ഈടാക്കിയിട്ടുള്ള എന്ന

മറുപടിയും അംഗീകരിക്കാവുന്നതല്ല. മേൽകാരണങ്ങളാൽ ഈ പ്രവർത്തിക്ക് 2000m$^2$ കയർഭ്രവസ്ത്രം മാത്രമെ വിരിച്ചിട്ടുള്ളുവെന്നും, ആയതിന് ആനുപാതികമായ തൊഴിൽ ദിനങ്ങൾ മാത്രമെ ഉപയോഗിച്ചിട്ടുള്ളുവെന്നും വ്യക്തമാണ്. ആയതിനാൽ അധികം ചെലവഴിച്ച തൊഴിൽ ദിനങ്ങൾക്കായി നൽകിയ 17366/- രൂപ അളവ് രേഖപ്പെടുത്തിയ അക്രെഡിറ്റഡ് എൻജിനീയർ, തൊഴിലുറപ്പ് പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി, ബിൽ പാസ്സാക്കി നൽകിയ സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 ഉപയോഗിച്ച ശേഷം ബാക്കിയുള്ള കയർഭ്രവസ്ത്രത്തിന്റെ വിനിയോഗ വിവരം ഇല്ല

11-ാം വാർഡിൽ അഷ്ടമം പാടശേഖരത്തിന്റെ അകംബണ്ട് ബലപ്പെടുത്തൽ-

വർക്ക് കോഡ്- FP/391717

M-book No.- 78/22-23.

| |
|---|
| FTO- No.-1) 799122, Rs-19593/- Dt.09-12-22 |
| FTO- No. 2) 910892, Rs-28612/- Dt.05-01-23 |

ഈ പ്രവർത്തിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, പ്രവർത്തിയ്ക്കായി കയർ കോർപ്പറേഷനിൽ നിന്നും രണ്ട് ബില്ലുകൾ പ്രകാരം 2100m$^2$ കയർ ഭ്രവസ്ത്രം വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം.cc/IG/2734, Dt.05-12-22, ഇൻവോയിസ് നം.cc/IG/3059, Dt.07-01-23) എന്നാൽ അളവു പുസ്തകം പരിശോധിച്ചതിൽ, വിവിധ തീയതികളിലായി ആകെ 1992m$^2$ മാത്രമെ വിരിച്ചിട്ടുള്ളൂ. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള അളവ് (എം$^2$) | ഉപയോഗിച്ച മനുഷ്യദിനം (1m$^2$ന് 4.065man Day എന്ന നിരക്കിൽ |
|---|---|---|
| 16-01-23 | 223 | 54.85 (223m$^2$/4.065man Day) |
| 30-01-23 | 386 | 94.95 (386m$^2$/4.065man Day) |
| 10-02-23 | 452 | 111.19 (386m$^2$/4.065man Day) |
| 17-02-23 | 406.5 | 100 (406.5m$^2$/4.065man Day) |
| അളവുപുസ്തകത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 524.5m$^2$ | 129 (524.5m$^2$/4.065man Day) |
| ആകെ വിരിച്ചത് | 1992m$^2$ | 489.99 മനുഷ്യ ദിനം |

ബാക്കിയുണ്ടാവേണ്ട കയർ ഭ്രവസ്ത്രത്തിന്റെ അളവ് = 2100-1992 =108m$^2$. എന്നാൽ കയർ ഭ്രവസ്ത്രത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2100m$^2$ കയർ ഭ്രവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കയർ ഭ്രവസ്ത്രം തിരികെ സ്റ്റോക്കിലെടുത്തതിന്റെയോ, ആയതിന്റെ വിനിയോഗ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള ആകെ മനുഷ്യദിനം 823.57 ആണ്. അളവുപുസ്തകം പ്രകാരം വിവിധ തീയതികളിലായി 723 മനുഷ്യ ദിനം മാത്രമാണ് ഈ പ്രവർത്തിയിൽ ഉപയോഗിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

എൻക്വയറിക്ക് (14/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ 1992$m^2$ കയർ ഭൂവസ്ത്രം മാത്രമെ വിരിച്ചിട്ടുള്ളുവെന്നും, വെള്ളം കയറിയതിനാൽ ബാക്കിയുള്ള 108$m^2$ സൈറ്റിൽ വിരിക്കാതെ സൈറ്റിൽ സൂക്ഷിച്ചിരിക്കുകയാണെന്നും, ഈ പ്രവർത്തിക്ക് 100 മനുഷ്യ ദിനങ്ങൾ ബാക്കിയുണ്ടെന്നും, ആയതുപയോഗിച്ച് കയർ ഭൂവസ്ത്രം വിരിച്ചശേഷം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള കയർ ഭൂവസ്ത്രം ഉപയോഗിച്ച് പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

1-27 MGNREGS-പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു-അധികം ചെലവ് 4031/- രൂപ -

പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ - സുഭിക്ഷ കേരളം പദ്ധതി - പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു -അധികം ചെലവ്-

സുഭിക്ഷ കേരളം പദ്ധതിയിൽപ്പെടുത്തി വാർഡ് – 5 ൽ നടപ്പിലാക്കിയ വാനമ്പാടി കുടുംബശ്രീ യൂണിറ്റിന് പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഇനമായി 75 മീറ്റർ നീളത്തിലും 40 മീറ്റർ വീതിയിലും സൈറ്റ് ക്ലിയർ ചെയ്യുക എന്ന പദ്ധതിയും, രണ്ടാം ഇനമായി 75 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും 30 സെ.മീ. കവിയാതെയുള്ള കനത്തിലും മണ്ണ് കുഴിച്ചെടുത്ത് കൃഷിക്കനുയോജ്യമാക്കുക എന്നതായിരുന്നു പ്രവർത്തി. എസ്റ്റിമേറ്റ് പ്രകാരം ഈ രണ്ട് ഇനങ്ങൾക്കും കൂടി ആകെ അനുവദിച്ചിരുന്നത് 501.89 മനുഷ്യ ദിനങ്ങൾ ആയിരുന്നു. (ഒന്നാം ഇനത്തിന് 27.598 മനുഷ്യ ദിനവും, രണ്ടാം ഇനത്തിന് 474.299 മനുഷ്യ ദിനവും) നിർവ്വഹണം സംബന്ധിച്ച് അളവു പുസ്തകം പരിശോധിച്ചതിൽ, രണ്ടാം ഇനമായുള്ള പ്രവർത്തി ആകെ 1200 $M^2$ ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ രണ്ടു പ്രവർത്തികൾക്കും കൂടി ആവശ്യമായ മനുഷ്യ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം ചെയ്ത പ്രവർത്തിയുടെ അളവ് (MB-No.128/22-23) FTO-No.622580/26-10-22 | 1$m^2$ ന് അനുവദനീയമായ നിരക്ക്/1$m^2$ ന് ആവശ്യമായ മനുഷ്യദിനം | അനുവദനീയമായ മനുഷ്യ ദിനം/തുക (@311/day) | നൽകിയ മനുഷ്യ ദിനം/തുക | അധികം |
|---|---|---|---|---|---|
| 1. | 1500$m^2$ | Rs-5.722/$m^2$ /0.184 | 27.598/Rs-8583/- | 27.598/Rs-8583/- | ഇല്ല |
| 2. | 1200$m^2$ | Rs-98.338/$m^2$/ 0.3162 | 379.44/ Rs-118006/- | 392.402(ആകെ-210+210=420)/ Rs-Rs-122037/ | Rs-4031 |

മേൽ സൂചിപ്പിച്ച പ്രകാരം തുക അധികം നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/29.07.2023) ലഭ്യമാക്കിയ മറുപടിയിൽ അബദ്ധവശാൽ അനുവദിച്ച തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും, അതുപോലെ തന്നെ മേറ്റിൽ നിന്നും ഈടാക്കി, തിരികെ ഒടുക്കി വിവരം അറിയിക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 4031/- രൂപ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. 4031/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1-28 MGNREGS - ആദായ നികുതിയും ജിഎസ്സ്ടിയും ഈടാക്കിയില്ല - കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം-55,058/- രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗ്രഡ് എർത്തും

മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ എടത്വാ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാർ തുക. | ഈടാക്കേണ്ട ആദായ നികുതി (1%) | ഈടാക്കേണ്ട ജിഎസ്സ്ടി(2%) | FTO No./തീയതി |
|---|---|---|---|---|---|
| 1. | W-12 ൽ കുട്ടക്കര പടി മുതൽ കണ്ടത്തിൽ പടി വരെ ബണ്ട് നിർമ്മാണം – (FP-378050) കരാറുകാരൻ -ജിജി മാത്യൂ MB-No-157/21-22, 158/21-22, | 559154/- | Rs-5591/- | Rs-11183/- | 162425,dt.01-07-22 |
| 2. | W-14 ൽ ഇറവുകരി പാലം മുതൽ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. (RC-326206) കരാറുകാരൻ -ജിജി മാത്യൂ MB-No-100/22-23,101 (2)/22-23 | 1219277/- | Rs-12192/- | Rs-24385/- | മെറ്റീരിയൽ തുക നാളിതു വരെ നൽകിയിട്ടില്ല. |
| 3. | W-13 ൽ 25 ൽ പടി മുതൽ ചെങ്കരത്തറ വരെ ബണ്ട് | 1276185/- | Rs-12761/- | Rs-25523/- | 1)161053 Dt.04-04-23 Rs-1276185/- |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം – (FP-381149) കരാറുകാരൻ -ജിജി മാത്യു. MB-No-76/22-23 | | | | |
| | | ആകെ | 30544/- | 61091/- | |

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ ജിഎസ്ടി, ആദായ നികുതി എന്നിവ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/27.07.2023) ലഭ്യമാക്കിയ മറുപടിയിൽ 7 ദിവസത്തിനുള്ളിൽ പരാമർശപ്രകാരമുള്ള നികുതികൾ പഞ്ചായത്ത് ഓഫീസിൽ അടച്ച് രസീത് വാങ്ങണമെന്നാവശ്യപ്പെട്ട് കരാറുകരനായ ജിജി മാത്യുവിന് 27-07-23 ൽ എ-4-50/2022/23-ാം നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്നും, തുക ഒടുക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ഈയിനത്തിൽ കരാറുകാർക്ക് അധികം നൽകിയ 55058/- രൂപയും, ക്രമ നം.2 പ്രകാരം നാളിതുവരെയും മെറ്റീരിയൽ വില അനുവദിച്ച് നൽകിയിട്ടില്ലാത്ത പ്രവർത്തിയിലെ 36,577/- രൂപയും ഉൾപ്പെടെ 91635/- രൂപയും കൂടാതെ, തൻവർഷം നടത്തിയിട്ടുള്ളതും, ജിഎസ്സ്ടിയും, ആദായനികുതിയും ബാധകമായിട്ടുള്ളതുമായ എല്ലാ പ്രവർത്തികളുടെയും ബില്ലിൽ നിന്നും ഇവ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-29 ഒരു വർഷം മുൻപ് വാങ്ങിയ ഇലക്ട്രിക്ക് ഓട്ടോ നാളിതുവരെയും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു-


പ്രോജക്ടിന്റെ പേര് - മാലിന്യം നീക്കം ചെയ്യുന്നതിന് ഇലക്ട്രിക് വാഹനം ( എസ്.ഒ 30/23)
അടങ്കൽ തുക- 315000(കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ് -292962/ -

റിക്വിസിഷൻ നമ്പർ – 5045300902220001/16.05.2022

ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനായി സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയത്. 292962/-രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. GeM ൽ നിന്നുമുള്ള ഡീലറായ കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാഹനം വാങ്ങിയിരിക്കുന്നത്. സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് 16.05.2022ൽ തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. വാഹനം 13-06-22ൽ ഡെലിവറി ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും വാഹനം ഓടിക്കുന്നതിനായി ഡ്രൈവറെ പരിശീലനം നൽകി നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഹരിത കർമ്മസേന മാലിന്യം ഇപ്പോഴും ശേഖരിക്കുന്നത് കൺസോർഷ്യത്തിൽ നിന്നും വാടക നൽകി വാഹനം വിളിച്ചാണ്. ഹരിതകർമ്മ സേനയ്ക്കായി വാങ്ങിയ വാഹനം ഇപ്പോഴും പഞ്ചായത്തിന്റെ ഷെഡിൽ ഉപയോഗിക്കാതെ പൊടി പിടിച്ച് കിടക്കുകയാണ്. ചിത്രം ചുവടെ



31/07/23 ൽ നടത്തിയ എക്സിറ്റ് മീറ്റിംഗിൽ ഓട്ടോയുടെ കാര്യം പരാമർശിച്ചതിന്, ഹരിതകർമ്മസേനയ്ക്ക് അടിയന്തിരമായി പരിശീലനം നൽകി ഓട്ടോ പ്രവർത്തനസജ്ജമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാഹനം ഉപയോഗപ്രദമാക്കി അറിയിക്കേണ്ടതാണ്.



1-30 ലൈഫ് ഭവനനിർമ്മാണം

ലൈഫ് പദ്ധതിയുടെ ആരംഭം മുതൽ 2022-23 വരെ ആകെ എത്ര ഗുണഭോക്താക്കളാണ് ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടതെന്നുള്ളതും, ഭവന നിർമ്മാണം പൂർത്തീകരിച്ചത്, ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ, ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട് ഇതിൽ എത്ര പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പണി പൂർത്തീകരിയ്ക്കാൻ ബാക്കിയുള്ളവരുടെ വിവരങ്ങൾ ഏതെങ്കിലും ഗുണഭോക്താക്കൾ കരാർ ഒപ്പ് വച്ച് ആദ്യ ഗഡു കൈപ്പറ്റിയ ശേഷം പദ്ധതിയിൽ നിന്നും പിൻമാറുകയോ അവരെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും സ്വീകരിച്ച നടപടികളും അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 3/22.07.2023 നൽകിയിരുന്നു. എന്നാൽ പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ നിർവ്വാഹമില്ലെന്ന് നിലവിലെ വി.ഇ.ഒ. അറിയിച്ചു.

ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയത് ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് മേൽവിലാസം | ജനറൽ /എസ് സി/ | നൽകിയ തുക | പണി പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|
| 1 | രത്നമ്മ പുതുവൽ | എസ്.സി | 300000 | മേൽക്കൂര |
| 2 | ശാന്തമ്മ അഞ്ചക്കളം | എസ്.സി | 300000 | മേൽക്കൂര |
| 3 | പങ്കജാക്ഷി നാല്പതിൽ ചിറ | എസ്.സി | 200000 | ലിന്റൽ |
| 4 | രമണി ബാബു.പരുത്തിക്കളം | എസ്.സി | 200000 | ലിന്റൽ |
| 5 | ശ്രീദേവി ഗിരീഷ് തോട്ടുമാലി ചിറ | എസ്.സി | 200000 | ലിന്റൽ |
| 6 | രജനി മധു പരവത്ര | എസ്.സി | 200000 | ലിന്റൽ |
| 7 | ശ്രീകല കരീക്കളം | എസ്.സി | 40000 | അടിത്തറ പണി ആരംഭിച്ചു |
| 8 | നളിനാക്ഷി ലക്ഷംവീട് | എസ്.സി | 100000 | അടിത്തറ |
| 9 | ബിന്ദു.എം .ജി, മുക്കോടിചിറ | എസ്.സി | 100000 | അടിത്തറ |
| 10 | രോഹിണി മാമ്മൂട്ടിൽ | എസ്.സി | 40000 | അടിത്തറ പണി ആരംഭിച്ചു |
| 11 | അശോകൻ.പി മുപ്പതിൽ ചിറ | എസ്.സി | 40000 | അടിത്തറ പണി ആരംഭിച്ചു |
| 12 | സുഭദ്രാ തങ്കപ്പൻ ശങ്കരമംഗലം | ജനറൽ | 300000 | മേൽക്കൂര |
| 13 | മണിയമ്മ തമ്പി കൊച്ചുവീട്ടിൽ | ജനറൽ | 200000 | അടിത്തറ |
| 12 | റോസമ്മ എം.ജെ | ജനറൽ | 40000 | അടിത്തറ |

ഫിഷറീസ് വിഭാഗം

| ക്രമ നം | പേര് മേൽവിലാസം | നൽകിയ തുക | പണി പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|
| 1 | മറിയാമ്മ ജോസഫ് | 200000 | ലിന്റൽ |
| 2 | മറിയാമ്മ ജോർജ്ജ് | 100000 | അടിത്തറ |
| 3 | തങ്കമ്മ ശശിധരൻ 32ൽ ചിറ | 100000 | അടിത്തറ |

| | | | |
|---|---|---|---|
| 4 | ഷാജി.എം.എസ് മുക്കോടി | 200000 | ലിന്റൽ |
| 5 | മറിയാമ്മ ഔസേഫ് | 200000 | ലിന്റൽ |

ആദ്യ ഗഡു കൈപ്പറ്റി വർഷങ്ങൾക്ക ശേഷവും ഭവന നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കളിൽ നിന്നും, അവർക്ക് നൽകിയ തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും മറ്റ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികളും സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം 16,792/-രൂപയുടെ വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 2 ൽ തോമസ് ജോസഫ്, അന്നമ്മ തോമസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 225.32 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 2/121-A മുതൽ 2/121-F വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 2/121-A മുതൽ 2/121-F വരെയുള്ള 6 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:60രൂ/ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:40രൂ/ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>225.32 X60 = | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 2/121A- 989+49=1038 |

| | | |
|---|---|---|
| | 13519.2<br>ലൈബ്രറി സെസ്സ് = 676<br>ആകെ = 13519.2+676= 14,195/- | 2) 2/121B- 1120+61=1181<br>3)2/121 C- 1170+59=1229<br>4)2/121 D- 1051+53=1104<br>5) 2/121E- 3593+180=3773<br>6) 2/121 F-989+49= 1038<br>ആകെ = 9363/- |
| ആകെ | 14,195/- | 9,363/- |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 4,832/- |

മേൽ സൂചിപ്പിച്ച 10 കെട്ടിടങ്ങളും ഒരേ പെർമിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 4,832/-രൂപയുടെ കുറവുണ്ടായി.

2)ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 10ൽ ലൂയിസ് ഏലിയാസ്, സെബാസ്റ്റ്യൻ തോമസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 139.8 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 10/9-A മുതൽ 10/9-F വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 10/9-A മുതൽ 2/9-F വരെയുള്ള 6 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:60രൂ ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.)1 |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>139.8 X60 =<br>8388/-<br>ലൈബ്രറി സെസ്സ് = 419<br>ആകെ = 8388+419= 8,807/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 10/9A- 932+47=979<br>2) 10/9B- 932+47=979<br>3)10/9 C- 932+47=979<br>4)10/9 D-932+47=979<br>5) 10/9 E- 932+47=979<br>6) 10/9 F- 932+47=979<br>ആകെ = 5874/- |
| ആകെ | 8,807/- | 5,874/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 2,933/- |

മേൽ സൂചിപ്പിച്ച 6 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 2,933/-രൂപ വസ്തുനികുതിയിനത്തിൽ കുറയുന്നതിനിടയായി.

3) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 12ൽ ഷോജി തോമസ് ആലപ്പാട്ട്, മരിയാപുരം, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 259.58 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് നിലകൾ ഉള്ള (കെട്ടിട നം: 12/377-A മുതൽ 12/377-C വരെ താഴത്തെ നില, 2/377-D മുതൽ 12/377-F വരെ ഒന്നാം നില, 2/377-G മുതൽ 12/377-I വരെ രണ്ടാം നില) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 12/377-A മുതൽ 12/377-I വരെയുള്ള 9 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി +ലൈബ്രറി സെസ്സ് (നികുതി നിരക്ക്: 60രൂ /ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്: 40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>69.8 X60 =4188<br>ലൈബ്രറി സെസ്സ് = 209<br>ആകെ = 4188+209= 4397/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 12/377 A- 800+40=840<br>2) 12/377 B- 1352+68=1420<br>3) 12/377 C- 640+32= 672<br>ആകെ = 2,932/- |
| ഒന്നാം നില | അടിസ്ഥാന നികുതി 89.19x60 = 5351/-ബഹുനില വാണിജ്യാവശ്യ ഇളവ്(5%) =267.55<br>ലൈബ്രറി സെസ്സ്<br>= 254<br>ആകെ = 5083+254<br>= 5,337/- | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>4) 12/377 D-760+38=798<br>5) 12/377 E-760+38=798<br>6) 12/377 F-1870+94=1964<br>ആകെ = 3,560/- |
| രണ്ടാം നില | അടിസ്ഥാന നികുതി 100.59x60 = 6035/-ബഹുനില വാണിജ്യാവശ്യ ഇളവ്(10%) =603.5<br>ലൈബ്രറി സെസ്സ്<br>= 272<br>ആകെ = 5432+272<br>= 5,704/- | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 10%)+ലൈബ്രറി സെസ്സ്<br>7) 12/377 G-720+36=756<br>8) 12/377 H-720+36=756<br>9) 12/377 I -2181+109=2290<br>ആകെ =3,802/- |
| ആകെ | 15,438/- | 10,294 /- |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 5,144/- |

മേൽ സൂചിപ്പിച്ച 9 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 5,144/-രൂപ വസ്തുനികുതിയിനത്തിൽ

കുറയുന്നതിനിടയായി.

4) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 12ൽ മിനി ജോർജ്ജ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 192.3 ച.മീ. വിസ്തീർണ്ണമുള്ളതും ഒരേ സർവെ നമ്പറിലുള്ളതുമായ (കെട്ടിട നം: 12/369-B,12/369-C താഴത്തെ നില, 12/369-E, 12/369-F ഒന്നാം നില) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 12/369-B,12/369-C,12/369-E,12,369-F എന്നീ 4 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ച:മീറ്ററിന് 40/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:60രൂ /ച.മീ.) | | കണക്കാക്കിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:40രൂ/ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി<br>43.56 X60 =<br>2614/-<br>ലൈബ്രറി സെസ്സ് = 131<br>ആകെ = 2614+131= 2,745/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 12/369-B-871+44=915<br>2) 12/369-C- 871+44=915<br>ആകെ = 1,830/- |
| ഒന്നാം നില | അടിസ്ഥാന നികുതി<br>148.74x60 =<br>8924.4/-<br>ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 446.22<br>ലൈബ്രറി സെസ്സ്<br>= 424<br>ആകെ = 8478+424= 8902 | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>3)12/369-E-2826+141=2967<br>4)12/369-F-2826+141=2967<br>ആകെ = 5,934/- |
| ആകെ | 11,647/- | 7,764/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 3,883/- |

മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് മൂലം 3,883/-രൂപ വസ്തുനികുതി ഇനത്തിൽ കുറയുന്നതിനിടയായി.

വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ആകെ 16,852/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം:05/24-07-2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ച് 2022-23 ലെ കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 MGNREGS-പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു-അധികം ചെലവ് 4031/- രൂപ -

പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ – സുഭിക്ഷ കേരളം പദ്ധതി -പ്രവർത്തി നിർവ്വഹണത്തിനാവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിച്ചു – അധികം ചെലവ്

സുഭിക്ഷ കേരളം പദ്ധതിയിൽപ്പെടുത്തി വാർഡ് – 5 ൽ നടപ്പിലാക്കിയ വാനമ്പാടി കുടുംബശ്രീ യൂണിറ്റിന് പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഇനമായി 75 മീറ്റർ നീളത്തിലും 40 മീറ്റർ വീതിയിലും സൈറ്റ് ക്ലിയർ ചെയ്യുക എന്ന പദ്ധതിയും, രണ്ടാം ഇനമായി 75 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും 30 സെ.മീ. കവിയാതെയുള്ള കനത്തിലും മണ്ണ് കുഴിച്ചെടുത്ത് കൃഷിക്കനുയോജ്യമാക്കുക എന്നതായിരുന്ന പ്രവർത്തി. എസ്റ്റിമേറ്റ് പ്രകാരം ഈ രണ്ട് ഇനങ്ങൾക്കും കൂടി ആകെ അനുവദിച്ചിരുന്നത് 501.89 മനുഷ്യദിനങ്ങൾ ആയിരുന്നു.(ഒന്നാം ഇനത്തിന് 27.598 മനുഷ്യദിനവും, രണ്ടാം ഇനത്തിന് 474.299 മനുഷ്യ ദിനവും) നിർവ്വഹണം സംബന്ധിച്ച് അളവ് പുസ്തകം പരിശോധിച്ചതിൽ, രണ്ടാം ഇനമായുള്ള പ്രവർത്തി ആകെ 1200 $M^2$ ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ രണ്ടു പ്രവർത്തികൾക്കും കൂടി ആവശ്യമായ മനുഷ്യ ദിനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം ചെയ്ത പ്രവർത്തിയുടെ അളവ് (MB-No.128/22-23) FTO-No.622580/26-10-22 | $1m^2$ ന് അനുവദനീയമായ നിരക്ക്/ $1m^2$ ന് ആവശ്യമായ മനുഷ്യദിനം | അനുവദനീയമായ മനുഷ്യ ദിനം/തുക (@311/day) | നൽകിയ മനുഷ്യ ദിനം/തുക | അധികം |
|---|---|---|---|---|---|
| 1. | $1500m^2$ | Rs-5.722/$m^2$ /0.184 | 27.598/Rs-8583/- | 27.598/Rs-8583/- | ഇല്ല |
| 2. | $1200m^2$ | Rs-98.338/$m^2$/ 0.3162 | 379.44/ Rs-118006/- | 392.402(ആകെ-210+210=420)/ Rs-122037/- | Rs-4031 |

മേൽ സൂചിപ്പിച്ച പ്രകാരം തുക അധികം നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/29.07.2023) ലഭ്യമാക്കിയ മറുപടിയിൽ അബദ്ധവശാൽ അനുവദിച്ച തുക ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും, അതുപോലെ തന്നെ മേറ്റിൽ നിന്നും ഈടാക്കി, തിരികെ ഒടുക്കി വിവരം അറിയിക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 4031/- രൂപ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. 4031/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3-2 കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവിനെക്കാൾ കൂടുതൽ പ്രവർത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി കൂലി നൽകി- കേന്ദ്ര സർക്കാരിന് നഷ്ടം -17366/- രൂപ

1. 10-ാം വാർഡിൽ വട്ടമാലി പാടശേഖരത്തിന്റെ അകംബണ്ട് ബലപ്പെടുത്തൽ-

വർക്ക് കോഡ്- FP/392299 M-book No.- 125/22-23.

| |
|---|
| FTO- No.-1) 957756, Rs-37631/-dt.18-01-23 |
| FTO- No. 2) 1171624, Rs-26746/-dt.24-03-23 |

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർ ഭ്രവസ്തത്തിന്റെ അളവ് | $2000m^2$ (ഇൻവോയിസ് നം.cc/IG /3062, Dt.07-01-23, ഇൻവോയിസ് നം.cc/IG/3414, Dt.31-01-23) |
| അളവുപുസ്തകം പ്രകാരം കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള അളവ് | $2227m^2$ (573+764+508+382) $=2227m^2$) |
| അധികം നൽകിയത്- @76.506/$m^2$ | $2227m^2 - 2000m^2 = 227m^2$<br>227 $M^2$ X 76.506 =Rs-17366/- |
| എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവർത്തിക്കാവശ്യമായ പ്രവർത്തി ദിനങ്ങളും, ആവശ്യമായ തുകയും. (@311/day) | 727.79 എണ്ണം, Rs-226342/- |
| ഈ പ്രവർത്തിക്കനുവദിച്ച മനുഷ്യ ദിനങ്ങളും, തുകയും | 721 എണ്ണം, Rs-224231/ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവർത്തിയിൽ $2000m^2$ കയർഭ്രവസ്തം വാങ്ങിയിട്ടുണ്ടെന്നും, എന്നാൽ $2227m^2$ കയർഭ്രവസ്തം മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നാണ്. എസ്റ്റിമേറ്റ് പ്രകാരം വാങ്ങുവാനും വിരിക്കുവാനുമുദ്ദേശിച്ചത് $2250m^2$ കയർഭ്രവസ്തം ആണ്. ഈ അളവിൽ കയർഭ്രവസ്തം വിരിച്ച് പ്രവർത്തി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയിട്ടുള്ള ആകെ മനുഷ്യദിനം 727.79 ആണ്. ഇതിൽ നിന്നും, എസ്റ്റിമേറ്റ് പ്രകാരമുള്ള മനുഷ്യദിനത്തിന്റെ 99.06% വും ഈ പ്രവർത്തിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാണ്. $2000m^2$ കയർഭ്രവസ്തം വാങ്ങിയതിനാണ് തുക നൽകിയിരിക്കുന്നതെന്നും, എന്നാൽ സൈറ്റിൽ 2227 $M^2$ കയർഭ്രവസ്തം ആണ് ഇറക്കിയതെന്നും, ഈ മനുഷ്യദിനം ഉപയോഗിച്ച് തന്നെ 2227 $M^2$ കയർഭ്രവസ്തം വിരിച്ചുവെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് $2000m^2$ കയർഭ്രവസ്തം വാങ്ങിയെന്ന് ആദ്യഭാഗത്ത് രേഖപ്പെടുത്തിയിട്ടുള്ള മറുപടിക്ക് കടകവിരുദ്ധമാണ് ഈ മറുപടി. മാത്രവുമല്ല, 2227 $M^2$ കയർഭ്രവസ്തം സപ്ലൈ ചെയ്ത കയർ കോർപ്പറേഷൻ $2000m^2$ കയർഭ്രവസ്തത്തിന്റെ വിലയേ ഈടാക്കിയിട്ടുള്ളൂ എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. മേൽകാരണങ്ങളാൽ ഈ പ്രവർത്തിക്ക് $2000m^2$ കയർഭ്രവസ്തം മാത്രമെ വിരിച്ചിട്ടുള്ളുവെന്നും, ആയതിന് ആനുപാതികമായ തൊഴിൽ ദിനങ്ങൾ മാത്രമെ ഉപയോഗിച്ചിട്ടുള്ളുവെന്നും വ്യക്തമാണ്. ആയതിനാൽ അധികം ചെലവഴിച്ച തൊഴിൽ ദിനങ്ങൾക്കായി നൽകിയ 17366/- രൂപ അളവ് രേഖപ്പെടുത്തിയ അക്രെഡിറ്റഡ് എൻജിനീയർ, തൊഴിലുറപ്പ് പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി, ബിൽ പാസ്സാക്കി നൽകിയ സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1500000 | കുഴൽ കിണറും പമ്പ് ഹൌസും സ്ഥാപിക്കൽ | 0 | 1500000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 200000 | സാന്ത്വന രോഗിപരിചരണം | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 250000 | അംഗൻവാടി പോഷാകാഹാരം | 170340 | 79660 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 250000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 220500 | 29500 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1500000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 0 | 1500000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ | 0 | 300000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം (എസ് സി പി) | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 225000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ (എസ് സി പി) | 0 | 225000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 50000 | അഗതി ആശ്രയ | 0 | 50000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 160000 | ഡയാലിസിസിന് ധനസഹായം | 0 | 160000 |
| ജില്ലാപഞ്ചായത്ത് | 2022-23 | 200000 | സാന്ത്വന രോഗിപരിചരണം | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | അംഗൻവാടി പോഷാകാഹാരം | 185000 | 65000 |
| ജില്ലാപഞ്ചായത്ത് | 2022-23 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 95000 | 5000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1500000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 0 | 1500000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം ( എസ് സി പി) | 0 | 400000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 225000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ ( എസ് സി പി) | 0 | 225000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | അഗതി ആശ്രയ | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 160000 | ഡയാലിസിസിന് ധനസഹായം | 41500 | 118500 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1000000 | തെരുവു വിളക്ക് | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| | | | ലൈൻ നീട്ടൽ | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 0 | 100000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

850000/- രൂപ ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ജൽജീവൻ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ | നം:61/ 01.12.2022 | 85,0000 | 85,0000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ LIFE MISSION | | 0 | 9906700 | 14676 | 9921376 | 875698 (Gen) 286164 (Scp) -------- ആകെ 1161862 | | 8759514 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | | പേരും ഉദ്യോഗപ്പേരും | തീയതി |
|---|---|---|---|---|
| 2021-22 | 1-10 | 66700 | സി.ജെ.വർഗീസ് | 1220103853, 13/03/2023 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,04,95,050/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,63,15,937/- |
| വരവിനങ്ങളിലുള്ള നഷ്ടം | 16,792/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21397/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2064510/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-12 | 16,792 | | ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി |
| ആകെ | 16,792 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 8,50,000/- | ശ്രീമതി.ഷാമില, അസിസ്റ്റന്റ് സെക്രട്ടറി |
| 1-15 | 4,56,080/- | ശ്രീമതി.ഷാമില, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 6,48,480/ | ശ്രീമതി.ജിഷമോൾ എം, കൃഷി ഓഫീസർ |
| 1-19 | 44,950/- | ശ്രീമതി.സുധർമ്മ കെ.പി, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. |
| 1-21 | 65,000/- | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി |
| ആകെ | 20,64,510/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | അധികം നൽകിയ തുക | ജി.എസ്.റ്റി | വരുമാന നികുതി | സംസ്ഥാന സർക്കാരിന്റെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 1-28 | 18352 | 12761 | 5591 | | ശ്രീ.ഉണ്ണികൃഷ്ണൻപിള്ള.പി.ആർ, സെക്രട്ടറി |
| 1-28 | 12762 | 5591 | 1863 | | ശ്രീ.ദിലീപ്.ബി, അസിസ്റ്റന്റ് സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | | 8508 | 4254 | | ശ്രീമതി.ഷാമില, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 18352 | 12235 | 6117 | | ശ്രീ.സോബിൻ.റ്റി. മാമ്പ്ര, അക്രെഡിറ്റഡ് എൻജിനീയർ, MGNREGS |

| ഖണ്ഡിക നമ്പർ | അധികം നൽകിയ തുക | കേന്ദ്ര സർക്കാരിന്റെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 17366 | 17366 | ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ<br>ശ്രീമതി. ഷാമില<br>ശ്രീ.സോബിൻ റ്റി മാമ്പ്ര<br>(തുക തുല്യമായി ഈടാക്കേണ്ടതാണ്) |
| 3-1 | 4031/- | 4031/- | ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി, ശ്രീ.ദിലീപ് ബി, അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ.സോബിൻ റ്റി മാമ്പ്ര, അക്രഡിറ്റഡ് എഞ്ചിനീയർ - MGNREGS |
| ആകെ | | 21397/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിഷമോൾ.എം, കൃഷി ഓഫീസർ | സസ്പെൻഷനിൽ | ജെ.എം. മൻസിൽ, ഗുരുപുരം ഈസ്റ്റ്, അവലൂക്കുന്നു.പി.ഒ., ആലപ്പുഴ |
| ദിലീപ്.ബി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് | ഇലഞ്ഞിവേലിൽ<br>ഏവൂർ മുട്ടം.പി.ഒ<br>ചേപ്പാട്, ആലപ്പുഴ |
| ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി | സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് | പണിക്കരേത്ത്<br>വരവിള.പി.ഒ<br>കൊല്ലം-690528 |
| ശ്രീമതി.ഷാമില, അസിസ്റ്റന്റ് സെക്രട്ടറി | ജോയിന്റ് ബിഡിഒ, ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്ത് | ദാറുസ്സലാം, ഡാണാപ്പടി, മണ്ണാറശ്ശാല.പി.ഒ., ആലപ്പുഴ. |
| ശ്രീ.സോബിൻ റ്റി മാമ്പ്ര, അക്രഡിറ്റഡ് എഞ്ചിനീയർ | രാജിവെച്ചു. വിദേശത്ത് ജോലി ചെയ്യുന്നു. | മാമ്പ്രയിൽ, കൊടുപ്പുന്ന.പി.ഒ., എടത്വാ, ആലപ്പുഴ. |
| ശ്രീമതി.സുധർമ്മ കെ.പി, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, കോയിൽമുക്ക് | കീർത്തനം<br>ചെക്കിടിക്കാട്.പി.ഒ.<br>എടത്വ, ആലപ്പുഴ |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/24.1.2012 |
| 1999-00, 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/24.1.2012 |
| 1999-00 (പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 -311/11/23.9.11/30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 -312/23.9.11/30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 -626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 - 1482/13/3.4.14/7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16/28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16/14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17/16.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1- 234/19/04.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1- 531(A)/2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-214/22/ 27.3.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി1-610/22/ 16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി1-308/23/ 31.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 06-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Edathua Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edathua Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Edathua Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. Ratios, the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Further action not taken for adjusting Rs.5000/- included in the Bank Recocilation statement of Indian Ovarseas Bank as Directly debited by bank

4. Following Cheques uncashed for more than three months as per the Bank Reconcilation Statement of DCB (A/C 4008/11/01/000026) were not transfered to stale cheque account

a) Cheque no. 4306/16.03.22 685/-

b) Cheque no. 3464/20.04.22 280/-

5. Cheque of Rs.1595/- deposited in the Federal Bank (A/C no.10380100214679) not credited to the account.

6. DCB Statement of following items does not match with AFS.

a) Property Tax Sanchaya statement

b) Rent.

7. DCB statement of Prof.tax(Traders & Employees) not produced for verification.

8. Expenditure of CFC Grant (Tied) as per ACR (330500) does not match with Shedule I6(384385/-)

9. MGNREGS Expenditure (4,81,55,000/-) as per the MIS statement does not match with AFS (4,96,23,466/-)

10. Asset Register not maintained properly and not match with AFS.

11. Lapses in making timely and accurate demand entries in respect of tax and non tax revanues.

12. Demand registers are not periodically reconcile with accounts.

13. Following Grant amount shown as liability in balance sheet does not match with the closing balance of bank accounts opened for that grants.

| | B4 Schedule | B17 Schedule |
|---|---|---|
| Health Grant | 252013 | 240922 |
| CFC Grant | 8445612 | 8125670 |

14. Expended amount under Swatch Bharath Abhiyan (Rural &Urban) Rs. 446577/- entered as libility in B4 shedule.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്